പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1699

11.02.2013 - ൽ മറുപടിയ്ക്ക്

## കൃഷിഭവൻ മുഖേനയുള്ള പച്ചത്തേങ്ങ സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാന സർക്കാരിന്റെ കൃഷി വകുപ്പിൽ കൃഷിഭവനുകൾ മുഖേനയുള്ള പച്ചത്തേങ്ങ സംഭരണം ആരംഭിച്ചിട്ടുണ്ടോ ; | (എ) | 2013 ജനുവരി മാസം 1-ാം തീയതി മുതൽ കൃഷി ഭവനുകൾ മുഖേനയുള്ള പച്ചത്തേങ്ങ സംഭരണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഓരോ ജില്ലയിലും എത്ര കൃഷിഭവനുകൾ ടി പദ്ധതിയുടെ കീഴിൽ ഉൾപ്പെട്ടിട്ടുണ്ട് ; ആയതിൽ മലപ്പുറം ജില്ലയിലെ ഏതെല്ലാം കൃഷി ഭവനുകൾ ഉൾപ്പെടുന്നുണ്ട് ; വിശദമാക്കുമോ ; | (ബി) | പച്ചത്തേങ്ങ സംഭരണം ആദ്യ ഘട്ടത്തിൽ തന്നെ 8 ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിലേയും തരം തിരിച്ചിട്ടുള്ള കൃഷിഭവനുകളുടെ എണ്ണം താഴെ ചേർക്കുന്നു.<br>കൊല്ലം-31, ആലപ്പുഴ -29, തൃശൂർ - 47, മലപ്പുറം -36, പാലക്കാട് - 49, കോഴിക്കോട് - 39, കണ്ണൂർ - 33, കാസർഗോഡ്- 19. മലപ്പുറം ജില്ലയിൽ 36 കൃഷിഭവനുകളിൽ ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൃഷിഭവനുകളുടെ പേരു വിവരം ആലംകോട്, വെള്ളിയാംകോട്, വട്ടംകുളം, പൊന്നാനി, വാളാഞ്ചേരി, മറക്കര, പുറത്തൂർ, വെട്ടം, തലക്കാട്, പെരുമണ്ണക്ളാരി, ചെറിയമുണ്ടം, താനല്ലൂർ, പരപ്പനങ്ങാടി, വള്ളിക്കുന്ന്, പരപ്പൂർ, കണ്ണമംഗലം, എടരിക്കോട്, മറയൂർ, കൊട്ടൂർ, കുറുമ, മാങ്കട, കീഴാറ്റൂർ, ആലിപ്പറമ്പ്, മേലാറ്റൂർ, പുൽപ്പറ്റ, അരിക്കോട്, എടവന്ന, തിരുവാലി, പാണ്ടിക്കാട്, ചുങ്കത്തറ, നിലമ്പൂർ, ചെല്ലമ്പ്ര, വഴയൂർ, നെടിയിരിപ്പ്, അമരമ്പലം , കള്ളിക്കാവ്. |

| | | | |
|---|---|---|---|
| (സി) | സംഭരണം സംബന്ധിച്ച മറ്റ് വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (സി) | കൃഷിഭവനുകൾ വഴി കർഷകരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിച്ച് കൊപ്രയാക്കുന്നതിനുള്ള പദ്ധതി സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 279/12/കൃഷി തീയതി 10/12/2012 പ്രകാരം സർക്കാർ അനുമതി നൽകുകയും അതു പ്രകാരം 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തിപ്പിനാവശ്യമായ 21 കോടി രൂപയിൽ 9.8 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. കേരഫെഡ് ഈ തുക വിനിയോഗിച്ചു വരുന്നു. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം, പാലക്കാട്, തൃശൂർ, ആലപ്പുഴ, കൊല്ലം എന്നീ എട്ടു ജില്ലകളിലാണ് സംഭരണ നടപടികൾ ആരംഭിച്ചിരിക്കുന്നത്. ടി ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നതിനും സംഭരിച്ച പച്ചത്തേങ്ങ കൊപ്രയാക്കുന്നതിനുമുള്ള നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. തെരഞ്ഞെടുത്ത ജില്ലകളിൽ ഓരോ ബ്ലോക്കിൽ നിന്നും രണ്ടു മുതൽ മൂന്നു വരെ കൃഷിഭവൻ ആദ്യഘട്ട സംഭരണത്തിനായി തെരഞ്ഞെടുക്കുന്നു. സംഭരണത്തിനായി തെരഞ്ഞെടുക്കുന്ന കൃഷിഭവന് 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതും ആയത് കേരഫെഡ്, കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്യുന്നു. സംഭരിക്കുന്ന നാളികേരം ഉടൻ തന്നെ കൊപ്രയാക്കുവാൻ കേരഫെഡ്, നടപടി സ്വീകരിക്കുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില അന്നു തന്നെ അക്കൗണ്ട് പേയി ചെക്കായി കർഷകന് നൽകുന്നു. |

സെക്ഷൻ ഓഫീസർ